# കൊലൊസ്യ ലേഖനത്തിന്റെ മുഖവുര

ക്രിസ്തീയ സാഹിത്യത്തിലെ ഏറ്റവും വലിയ ഒരു പ്രയത്നമാണ് കൊലൊസ്യ ലേഖനം. അതിൽ ബൈബിളിലെ മുഖ്യവിഷയങ്ങൾ പ്രതിപാദിച്ച് എല്ലാ കാലത്തേയും ക്രിസ്ത്യാനികൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിരിക്കുകയാണ്. ദൈവപ്രതിമയായ യേശുവിനെ ഉയർത്തിയ രീതിയായിരിക്കാം ആ വിഷയങ്ങളിൽ പ്രധാനപ്പെട്ടത്. പ്രകൃതിയാൽ അവൻ ദൈവമാണ്, അവന് ദൈവികത്വത്തിന്റെ സർവ്വസമ്പൂർണ്ണതയുമുണ്ട്, അവൻ സഭയുടെ തലയും സകലത്തിന്റേയും സൃഷ്ടികർത്താവുമാണ്. അവൻ സ്വർഗീയ പ്രത്യാശയുടെ ഉറവിടവും പ്രാർത്ഥനക്കു മറുപടി തരുമെന്നതിനു നമുക്കുള്ള ധൈര്യവുമാണ്. അവൻ പാപമോചനവും, ജീവന്റെ പുതുക്കവും, ജീവിത ദിശാബോധവും, ആത്മിയതയും നൽകുന്നു.

ആരോഗ്യകരമായ കുടുംബ ബന്ധം, ദൈവത്തിന്റെ രൂപകൽപന അപ്പൊസ്തലനായ പൗലൊസ് അവതരിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിനു പകരം മാനുഷിക തത്വശാസ്ത്രങ്ങളും, പാരമ്പര്യങ്ങളും പ്രമാണിക്കുന്നതിനെതിരെയും പൗലൊസ് മുന്നറിയിച്ചിരിക്കുന്നു. ക്രിസ്ത്യാനികൾ കൊലൊസ്യർ 3:23, 24 അനുസരിച്ച് ജീവിക്കുന്നതിനെ കുറിച്ച് ഒരു പ്രസ്താവന അവൻ നൽകിയിരിക്കുന്നു: "നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല, കർത്താവിന്ന് എന്നപോലെ മനസോടെ ചെയ്വിൻ. അവകാശം എന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞ് കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ."

ലേഖനത്തിന്റെ സംയോജന പശ്ചാത്തലത്തിൽ വ്യക്തികളുള്ളതിനാൽ ലേഖനം ഒരർത്ഥത്തിൽ വ്യക്തിപരമാണെന്നു പറയാം. തിമൊഥെയൊസ് ലേഖകനോടുകൂടെയുണ്ടായിരുന്നു (1:1), അവനോടുകൂടെ ഉണ്ടായിരുന്ന മറ്റു ആറുപേരെയും കാണാം-അരിസ്തർഹൊസ്, മർക്കൊസ്, യുസ്തൊസ്, എപ്പഫ്രാസ്, ലൂക്കൊസ്, ദേമാസ് (4:10–14)-കൊലൊസ്യർക്ക് ലേഖനം എഴുതുമ്പോൾ അവർക്ക് എല്ലാവർക്കും അവൻ വന്ദനം അറിയിക്കുന്നുണ്ട്. കൂടാതെ തിഹിക്കോസിന്റേയും, ദാസനായിരുന്ന ഒനേസിമോസിന്റേയും കയ്യിൽ ലേഖനം കൊടുത്ത് അയക്കുന്നതായി പറഞ്ഞിരിക്കുന്നു (4:7–9). അർഹിപ്പൊസിനുള്ള വ്യക്തിപരമായ സന്ദേശവും ഉൾപ്പെടുത്തിയിരിക്കുന്നു (4:17), അവൻ കൊലോസ്യക്കാരനായിരുന്നു എന്ന് കരുതപ്പെടുന്നു. അവനെക്കുറിച്ച് ഫിലെമോന്റെ ലേഖനത്തിലും പറയുന്നു, ഒനേസിമോസിന്റെ യജമാനനായിരുന്നു ഫിലെമോൻ (ഫിലെ. 1, 2).

### ലേഖകൻ

ആന്തരികവും ബാഹ്യവുമായ തെളിവ് സൂചിപ്പിക്കുന്നത് കൊലൊസ്യ ലേഖനത്തിന്റെ എഴുത്തുകാരൻ പൗലൊസ് ആണെന്നാണ്. 1800കൾ വരെ, അവന്റെ കർത്തൃത്വത്തെ ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. 1838 ൽ ഏണസ്റ്റ് തെയാഡർ മേയർ ഹോഫ്, *ഡെർ ബ്രീഫ് ആൻ ഡൈ കൊലൊസെർ.*[1] അതിനു ശേഷം ചില എഴുത്തുകാർ കൂടെ ഈ തീർപ്പിൽ എത്തിയിട്ടുണ്ട്, എന്നാൽ ഭൂരിഭാഗം പണ്ഡിതരും പൗലൊസ് ആണ് ലേഖകൻ എന്ന കാര്യത്തിൽ യോജി

ക്കുന്നു. പൗലൊസ് ആയിരിക്കയില്ല ലേഖകൻ എന്നതിനുള്ള തടസ്സവാദങ്ങൾ, ഉപയോഗിച്ച ശൈലിയുടേയും, പദാവലിയുടേയും, ചില ഉപദേശപരമായ പ്രസ്താവനകളുടേയും അടിസ്ഥാനത്തിൽ ഉള്ളതാണ്. ലേഖനം എഴുതിയത് ജ്ഞാനവാദോപദേശത്തെയും, നാസ്തികത്വത്തെയും ഖണ്ഡിക്കുന്നതിന് വേണ്ടിയാണ് ലേഖനം എഴുതിയതെന്നും, പൗലോസിന്റെ എഴുത്തുകൾ പിൽകാലത്ത് വന്നതാണെന്നും ആയിരുന്നു വാദഗതികൾ ("ആരംഭ സ്ഥലവും തീയതിയും" എന്ന പാഠം പിന്നീട് വരുന്നത് നോക്കുക.) പൗലൊസ് എഴുതിയതായ പോയിന്റുകളും തെളിവുകളും ആ എതിർപ്പുകളെയെല്ലാം അതിജീവിക്കുന്നതാണ്.

## ബാഹ്യമായ തെളിവ്

ഇതിന്റെ ലേഖകൻ പൗലൊസ് ആണെന്നും, ലേഖനം ദൈവശ്വാസീയമാണെന്നും വളരെ മുമ്പു തന്നെ അംഗീകരിച്ചിരുന്നു. ഹെൻറി ക്ലാരൻസ് തിയസെൻ[2] ചുരുക്കി ഈ തെളിവു നൽകുന്നു:

- കൊലൊസ്യർ 1:23 ആയിരിക്കാം ഇഗ്നേഷ്യസ് (എ. ഡി. 110) തന്റെ *എഫെസ്യർക്കുള്ള ലഖനത്തിൽ* പറഞ്ഞത് (അദ്ധ്യാ. 10).
- *ബർന്നബാസിന്റെ ലേഖനം* (അദ്ധ്യാ. 12), എഴുതപ്പെട്ടത് ഏകദേശം എ. ഡി. 130, കൊലൊസ്യർ 1:16-ൽ പറഞ്ഞിരിക്കുന്നതായി തോന്നുന്നു.
- ജെസ്റ്റിൻ മാർട്ടിർ (എ. ഡി. 150) "സകല സൃഷ്ടികളുടേയും ആദ്യ-ജാതൻ," എന്ന കൊലൊസ്യർ 1:15 ലെ പ്രയോഗം ഉപയോഗിച്ചിരിക്കുന്നു, പല പ്രാവശ്യം *ട്രൈഫോയോടുകുടെ സംഭാഷണത്തിൽ* അതു കാണാം (അദ്ധ്യായങ്ങൾ 84; 85; 138).
- അന്ത്യോക്യയിലെ തെയോഫിലോസ് (എ. ഡി. 180) ഇതേ പ്രയോഗം, "സകല സൃഷ്ടികളുടേയും ആദ്യ-ജാതൻ," ഒരിക്കൽ *ആട്ടോലിക്കോസിനോട്* പറയുമ്പോൾ ഉപയോഗിച്ചിരിക്കുന്നു (2.22).
- ഐറേനിയസ് (എ. ഡി. 180) *എഗൻസ്റ്റ് ഹെരെസീസിൽ* (3.14.1) പറഞ്ഞത്, പൗലൊസ്, എഴുതിയത് "പ്രിയ വൈദ്യനായ, ലൂക്കോസിന് വന്ദനം എന്നാണ്." ആ പ്രസ്താവന കൊലൊസ്യർ 4:14-ൽ കാണാം.
- അലക്സാന്ത്രിയക്കാരനായ ക്ലമന്റ് ഏതാണ്ട് എ. ഡി. 150-215 ൽ ജീവിച്ചിരുന്നു, അയാൾ തന്റെ സ്ട്രൊമാറ്റ 1.1-ൽ പൗലൊസിന്റെ കൊലൊസ്യർ 1:28 ലെ പ്രസ്താവന പറഞ്ഞിരിക്കുന്നു. കൂടാതെ അവൻ 3:12, 14, 15 ഉം സ്ട്രൊമാറ്റ 4.7 ലും, 4:2-4 സ്ട്രൊമാറ്റ 5.10 ലും ഉദ്ധരിച്ചിരിക്കുന്നു.
- തെർത്തുല്യൻ (എ. ഡി. 200) കൊലൊസ്യർ 2:8 *പ്രസ്ക്രിപ്ഷൻ എഗൻസ്റ്റ് ഹെറിറ്റിക്സി* (അദ്ധ്യാ. 7) ലും 2:12, 13 *റിസറക്ഷൻ ഓഫ് ദ ഫ്ളെഷിലും* കാണാം (അദ്ധ്യാ. 23).
- ഒറിജിൻ (എ. ഡി. 225) 2:18, 19 ലെ വാക്കുകൾ ഉദ്ധരിച്ചു, കൊലൊസ്യ ലേഖനം പൗലൊസിന്റേതാണെന്ന്, *എഗൻസ്റ്റ് സെൽസസിൽ* പറഞ്ഞിരിക്കുന്നു (5:8).
- പഴയ ലത്തീനിലും, പഴയ സുറിയാനിയിലും കൊലോസ്യ ലേഖനം മാർസിയന്റെ കാനോനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അത് മുറാറ്റോറിയം ഫ്രാഗ്മെന്റിൽ പറഞ്ഞിരിക്കുന്നു (എ. ഡി. 170).

രണ്ടാം-നൂറ്റാണ്ടിലെ ലാറ്റിൻ വെർഷനിലും ചെസ്റ്റർ ബിയാറ്റി കോഡക്സ് (പറഞ്ഞിരിക്കുന്നത് പി 46), അതിന്റെ ആരംഭം രണ്ടാം നൂറ്റാണ്ടിന്റെ അവസാനം മിസ്രയീമിലാണ് എന്നത്രെ.

**ആന്തരിക തെളിവ്**

ആന്തരിക തെളിവും സൂചിപ്പിക്കുന്നത് പൗലൊസ് തന്നെ ലേഖകൻ എന്നാണ്.

ഒന്നാമത്, ലേഖകൻ പൗലൊസ് തന്നെയാണെന്ന് 1:1-ൽ തിരിച്ചറിയിച്ചിരിക്കുന്നു. പിന്നീട് അവൻ തന്നെ പൗലൊസ് എന്നും (1:23) ലേഖനത്തിന്റെ അവസാനം, "പൗലൊസായ എന്റെ സ്വന്ത കയ്യാലെ വന്ദനം" എന്ന് എഴുതിയിരിക്കുന്നു (4:18).

രണ്ടാമത്, കൊലൊസ്യ ലേഖനം ഫിലെമോന്റെ ലേഖനവുമായി അടുത്തുബന്ധപ്പെട്ടിരിക്കുന്നു, ആ ലേഖനം പൗലൊസിന്റേതാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടതാണ്. ലേഖകനോടുകൂടെ ഉണ്ടായിരുന്ന അഞ്ചു പേരുടെ പേരുകൾ രണ്ട് ലേഖനങ്ങളിലും പറഞ്ഞിരിക്കുന്നു (കൊലൊ. 4:10-14; ഫിലെ. 23, 24). കൊലൊസ്യ ലേഖനത്തിൽ അർഹിപ്പൊസിനെ പ്രബോധിപ്പിച്ചു, "കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കേണം ..." (4:17). ഫിലെമൊന്റെ ലേഖനത്തിൽ അവനെ പൊലൊസ് പറഞ്ഞത് "നമ്മുടെ സഹഭടൻ" എന്നാണ് (വാ. 2).

ഡൊണാൾഡ് ഗത്രി കൊലൊസ്യ ലേഖനം ഫിലെമോന്റെ ലേഖനവുമായി താരതമ്യം ചെയ്ത് ലേഖകൻ പൗലൊസാണെന്ന് പറയുന്നു. ബാഹ്യമായ ഉറവിടങ്ങൾ എടുത്തുകാണിച്ച് ലേഖകൻ പൗലൊസാണെന്ന് സൂചിപ്പിച്ച് അവനെഴുതി:

> ഈ ലേഖനവും ഫിലെമോന്റെ ലേഖനവും തമ്മിലുള്ള അടുത്ത ബന്ധത്തെ പിൻതാങ്ങുന്നതാണ് ശക്തമായ ബാഹ്യ തെളിവുകൾ, അതിന്റെ ആധികാരികതയെ നിഷേധ വിമർശകർ വെല്ലുവിളിച്ചിട്ടുണ്ട്. ആ ഒരു ബന്ധത്തിന്റെ നിലനിൽപ്പ് താഴെ കാണുന്ന പോയിന്റുകളിൽ നമുക്കു മനസിലാക്കാം.
>
> 1. പൗലൊസ് വന്ദനം പറഞ്ഞപ്പോൾ രണ്ടിലും തിമൊഥെയൊസിന്റെ പേർ ഉൾപ്പെടുത്തിയിരിക്കുന്നു (കൊലൊ. i:1; ഫിലെ. 1).
>
> 2. രണ്ട് ലേഖനത്തിലും വന്ദനം അറിയിക്കുമ്പോൾ അരിസ്തർഹോസ്, മർക്കൊസ്, എപ്പഫ്രാസ്, ലൂക്കൊസ്, ദേമാസ് എന്നിവർ പൗലൊസിനോടുകൂടെ ഉണ്ടായിരുന്നതായി വ്യക്തമായി പറയുന്നു (കൊലൊ. iv.10-14; ഫിലെ. 23, 24).
>
> 3. ഫിലെമോൻ 2-ൽ അർഹിപ്പൊസിനെ "സഹഭടൻ" എന്നും കൊലൊസ്യർ iv.17-ൽ തന്റെ ശുശ്രൂഷ നിവർത്തിച്ചവൻ എന്നുമാണ് പറഞ്ഞിരിക്കുന്നത്.
>
> 4. "നിങ്ങളിൽ ഒരാളായ തിഹിക്കൊസ്" ഒനേസിമോസിനെ ... അയക്കുന്നു എന്നാണ് കൊലൊസ്യർ iv.9-ൽ പറഞ്ഞിരിക്കുന്നത്.
>
> മുകളിൽ പറഞ്ഞ ഡാറ്റ പ്രകാരം രണ്ടു ലേഖനങ്ങളും വ്യത്യസ്തമായ കാലയളവിൽ എഴുതി എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. ഫിലെമോന്റെ ലേഖനം പൊതുവിൽ പൗലൊസ് ആണ് എഴുതിയത് എന്ന്

അംഗീകരിക്കപ്പെട്ടതിനാൽ, കൊലൊസ്യലേഖനത്തിന്റേയും ലേഖകൻ പൗലൊസ് തന്നെ എന്ന് തീർച്ചയാക്കാം.[3]

മൂന്നാമത്, കൊലൊസ്യ ലേഖനത്തിലെ ഉപദേശങ്ങൾ ഗലാത്യ ലേഖനത്തിലേയും എഫെസ്യലേഖനത്തിലേയും ഉപദേശങ്ങളിൽനിന്നു വ്യത്യസ്തമാണെന്ന് ചിലർ വാദിക്കുമെങ്കിലും, വ്യത്യാസങ്ങളേക്കാൾ സമാനതകളാണ് അധികം എന്നതിനാൽ, ആ തടസവാദങ്ങൾ തള്ളിക്കളയാവുന്നതാണ്.[4] ആ മൂന്നു ലേഖനങ്ങളിലും പൊതുവായി കാണപ്പെടുന്നവ ചൂണ്ടിക്കാണിക്കുന്ന ഒരു ചാർട്ട് ഈ പുസ്തകത്തിന്റെ അവസാനം കൊടുത്തിരിക്കുന്നു.[5]

കൊലൊസ്യ ലേഖനത്തിലെ പ്രത്യേക പദാവലികളും ശൈലി വ്യത്യാസങ്ങളും പൗലൊസ് കൊലൊസ്യയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രത്യേകമായി ഉപയോഗിച്ചതാണ്. ഉദാഹരണത്തിന്, എഫെസ്യരുടെ ആവശ്യങ്ങളായിരുന്നില്ല കൊലൊസ്യരുടേത്. എഫെസ്യ ലേഖനത്തിലും കൊലൊസ്യലേഖനത്തിലും ഊന്നൽ കൊടുത്തിരിക്കുന്ന പോയിന്റുകൾ വ്യത്യസ്തമാണെന്ന് കർട്ടിസ് വാഗൻ പറഞ്ഞിരിക്കുന്നു:

> ... എഫെസ്യ ലേഖനത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത് *സഭ* ക്രിസ്തുവിന്റെ ശരീരം എന്നതിനാണ്, എന്നാൽ കൊലൊസ്യ ലേഖനത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്, *ക്രിസ്തു* സഭയുടെ തലയായിട്ടാണ് ... കൊലൊസ്യ ലേഖനം പ്രത്യേകവും, ഉറച്ചതും, വിട്ടുകളഞ്ഞതുമായ ഒന്നാണ്; പക്ഷെ എഫെസ്യ ലേഖനം വേർതിരിക്കുന്നതും, പ്രബോധകവും, പൊതുവായതുമാണ് ... കൊലൊസ്യ ലേഖനം ... ഒരു "ചർച്ചാ ലേഖനം ആണ്"; എഫെസ്യലേഖനം ... ഒരു "പ്രതിഫലന ലേഖനം ആണ്."[6]

കൊലൊസ്യ ലേഖനത്തിൽ ചില വ്യത്യാസങ്ങൾ കാണാമെങ്കിലും എഴുതിയത് പൗലൊസ് തന്നെയാണ്. ഒരേ ലേഖകൻ തന്നെയാണ് ഇവ എഴുതിയതെന്ന് എഫെസ്യ ലേഖനത്തിലേയും, കൊലൊസ്യലേഖനത്തിലേയും, ഫിലെമോന്റെ ലേഖനത്തിലേയും ആന്തരിക തെളിവുകൾ വ്യക്തമാക്കുന്നു.

## ആരംഭ സ്ഥലവും തീയതിയും

പൗലൊസ് തടവിലായിരുന്നപ്പോഴായിരുന്നു കൊലൊസ്യ ലേഖനം എഴുതിയത് (4:3, 10, 18; എഫെ. 3:1; 4:1; 6:20; ഫിലി. 1:7, 13, 14, 16; ഫിലെ. 1, 9, 10, 13). പൗലൊസ് ദീർഘകാലം തടവിലായിരുന്നത് കൈസര്യയിലും (പ്രവൃ. 24:27), റോമിലും ആയിരുന്നു (പ്രവൃ. 28:30). എഫെസൊസിലെ ഒരു പ്രദേശത്തായിരുന്നു ഒരു മിഷ്ണറിയായി പൊലൊസ് അധിക കാലം താമസിച്ചിരുന്നത് (പ്രവൃ. 20:17, 31). അതുകൊണ്ട്, കൊലൊസ്യ ലേഖനം എഴുതപ്പെട്ടത് മിക്കവാറും ഈ മൂന്നു പട്ടണങ്ങളിൽ വെച്ചാകുവാനാണ് സാധ്യത കൂടുതൽ.

എഫെസൊസിൽ വെച്ചാണ് എഴുതിയതെന്നു അവകാശപ്പെടുന്നവർ പറയുന്ന കാരണം, അത് കൊലൊസ്യയിൽനിന്നും വളരെ അടുത്തായിരുന്നതിനാൽ സഭയുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അറിഞ്ഞിരുന്നു എന്നതാണ്. പൗലൊസ് കൈസര്യയിലോ റോമിലോ ആകാതെ എഫെസൊസിലായിരുന്നു എങ്കിൽ, ഇത് പൗലൊസിനെ അറിയിക്കുവാൻ എപ്പഫ്രാസിനു അധികം യാത്ര

ചെയ്യേണ്ട ആവശ്യവുമില്ലായിരുന്നു (കൊലൊ. 1:7). ഫിലെമൊൻ 22 ൽ പൗലൊസിനു താമസിക്കുവാനുള്ള സ്ഥലം ആവശ്യപ്പെട്ടിരിക്കുന്നത് പൗലൊസിന്റെ സമീപ സാന്നിധ്യം അന്തർലീനമാക്കുന്നതാകാം.

എങ്ങനെയായാലും, എഫെസൊസിൽ പൗലൊസ് വേല ചെയ്തപ്പോൾ തടവിലായിരുന്നു എന്നതിനു തെളിവില്ലാത്തതിനാൽ ലേഖനം എഴുതിയത്എഫേസൊസിൽ വെച്ച് അല്ല എന്ന് തീർച്ചപ്പെടുത്താം (പ്രവൃ. 20:31). അവൻ എഫെസൊസിൽ വെച്ച് "വന്യമൃഗങ്ങളോടു" പോരാടി എന്ന് പറയുന്നത് (1 കൊ. 15:32). തടവിലായിരുന്നു എന്നർത്ഥമാക്കുന്നില്ല. മർക്കൊസിന്റെയും ലൂക്കൊസിന്റെയും എഫെസൊസിൽ നിന്നുള്ള വന്ദനം (കൊലൊ. 4:10, 14), അത് പ്രവൃത്തികളുമായി യോജിക്കുന്നില്ല, അവൻ എഫെസൊസിൽ ആയിരുന്നപ്പോൾ അവർ അവനോടുകൂടെ ഉണ്ടായിരുന്നതായി പറയുന്നതുമില്ല (പ്രവൃ. 19). കൊലൊസ്യ ലേഖനം എഴുതിയപ്പോൾ പൗലൊസിനോടുകൂടെ ലൂക്കൊസ് ഉണ്ടായിരുന്നു (കൊലൊ. 4:14); എന്നാൽ പ്രവൃത്തികൾ 19 ലെ വേദഭാഗത്തിൽ "ഞങ്ങൾ" എന്ന് ഇല്ലാത്തതിനാൽ, പ്രവൃത്തികളുടെ ലേഖകനായ ലൂക്കൊസ് പൗലൊസ് എഫെസൊസിലായിരുന്നപ്പോൾ കൂടെ ഇല്ലായിരുന്നു എന്ന് സൂചിപ്പിക്കുന്നു. റോമിലേക്കുള്ള പൗലൊസിന്റെ യാത്രയിൽ അവൻ കൂടെയുണ്ടായിരുന്നു (പ്രവൃ. 27:1; 28:16).

പൗലൊസ് കൊലൊസ്യ ലേഖനം കൈസര്യയിൽ വെച്ചു എഴുതി എന്നു വിശ്വസിക്കുന്ന ആളുകൾ കരുതുന്നത് അരിസ്തർഹോസും തിഹിക്കോസും അവനോടുകൂടെ ഉണ്ടായിരിക്കുവാൻ സാദ്ധ്യതയുണ്ടെന്നാണ്. അവർ പൗലൊസിന്റെ യെരുശലേമിലേക്കുള്ള യാത്രയിൽ കൂടെയുണ്ടായിരുന്നതായും (പ്രവൃ. 20:4). അവൻ കൈസര്യയിലേക്ക് പോയപ്പോൾ, അവർ അവനെ അനുഗമിച്ചിരുന്നതായും കരുതുന്നു (24:23).

പൗലൊസ് കൊലൊസ്യ ലേഖനം എഴുതിയത് കൈസര്യയിൽ വെച്ചായിരുന്നു എന്നതും തള്ളിക്കളയാവുന്നതാണ്. 1:28, 29-ൽ പറഞ്ഞതായ പ്രസംഗ ശുശ്രൂഷ പ്രവൃത്തികളുടെ പുസ്തകത്തിൽ അവൻ കൈസര്യയിലേക്കു പോയപ്പോൾ നടത്തിയതായി പറയുന്നില്ല. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും അവൻ റോമിൽ വെച്ചു വീട്ടു തടങ്കലിൽ ആയിരുന്നപ്പോൾ പ്രസംഗിച്ചിരുന്നു (പ്രവൃ. 28:16, 30, 31). ലേഖനം കൈസര്യയിൽ വെച്ച് എഴുതിയെങ്കിൽ മർക്കൊസിന്റെ സാന്നിധ്യം (കൊലൊ. 4:10) വിവരിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാകുമായിരുന്നില്ല. മർക്കൊസ് പൗലൊസിനെ വിട്ട് ബർന്നബാസിനോടുകുടെ കുപ്രോസ് ദ്വീപിലേക്കു പോയി (പ്രവൃ. 15:39).

മിക്കവാറും കൊലൊസ്യ ലേഖനം എഴുതുമ്പോൾ പൗലൊസ് റോമയിലായിരുന്നേക്കാം. ഏ. ഡി. 375 ൽ, ക്രിസോസ്റ്റമാണ് ഈ കാഴ്ച്ചപ്പാട് നൽകിയത്.[7] അത് പൗലൊസിനും മർക്കൊസിനും നിരപ്പ് പ്രാപിക്കുവാനുള്ള അവസരം നൽകുന്നുണ്ട്. തടവിൽ ആയിരുന്നപ്പോൾ എഴുതിയ ഫിലിപ്പിയ ലേഖനത്തിൽ, "അകമ്പടി പട്ടാളത്തെയും," "കൈസരുടെ അരമനയിലുള്ളവരെയും" പറയുന്നു (ഫിലി. 1:13; 4:22). ആ പ്രയോഗം സൂചിപ്പിക്കുന്നത്, പൗലൊസ് ഫിലിപ്പിയ ലേഖനം എഴുതിയപ്പോൾ, അവൻ റോമിലായിരുന്നു എന്നാണ്.

പൗലൊസ്, ലേഖനം എഫെസൊസിൽ വെച്ചാണ് എഴുതിയതെങ്കിൽ, എഴുതിയ തിയതി ഏകദേശം ഏ. ഡി. 57 നും 59 നും ഇടക്ക് ആയിരിക്കും.[8] അവൻ കൈസര്യയിൽ തടവിലായപ്പോഴാണ് എഴുതിയതെങ്കിൽ തീയതി ഏതാണ്ട്, ഏ. ഡി. 60 നും 62 നും ഇടക്കായിരിക്കും.

## ഉദ്ദിഷ്ടസ്ഥാനം

ഈ ലേഖനം എഴുതിയത് കൊലൊസ്യയിലെ ക്രിസ്ത്യാനികൾക്കായിരുന്നു. “കൊലൊസ്യ” എന്ന വാക്ക് ഗ്രീക്കിൽ രണ്ട് വ്യത്യസ്ത രീതിയിലായിരുന്നു ഉച്ചരിച്ചിരുന്നത്. *കൊലൊസായി* എന്നും *കൊലാസായി* എന്നും. അവ രണ്ടും പുരാതന കയ്യെഴുത്തു പ്രതികളിലും, മേലെഴുത്തുകളിലും കാണാം. അതിൽ ആദ്യത്തെ ഉച്ചാരണം പുരാതനവും, രണ്ടാമത് പറഞ്ഞത് ലേഖനം എഴുതുമ്പോൾ ഉണ്ടായിരുന്നതുമായിരിക്കാം. ആ പേർ കൊലൊസസ് എന്നത് രൂപഭേദം വന്നതാകാം, ഒരു വലിയ പ്രതിമ, കാരണം അവിടെ കല്ലുകൾ അടിഞ്ഞുകൂടിയ ആകൃതി കാണാമായിരുന്നു. ആ പേർ വരുവാനുള്ള മറ്റൊരു കാരണം കമ്പിളി വ്യവസായമായിരുന്നു: നിറം പിടിപ്പിച്ച തുണിയുൽപാദനത്തിനു ഗ്രീക്കിൽ *കൊലോസിനസ്* എന്നാണ് പറഞ്ഞിരുന്നത്, അർത്ഥം “രക്താംബരം” എന്നാണ്.[9]

പെർഗമം സാമ്രാജ്യത്തിലെ ഒരു പ്രദേശമായ ഫ്രുഗ്യയിലായിരുന്നു കൊലൊസ്യ പട്ടണം. സ്വാധീനം ചെലുത്താവുന്ന അടുത്തുള്ള രണ്ടു പട്ടണങ്ങളായിരുന്നു: പന്ത്രണ്ടു മൈൽ പടിഞ്ഞാറുള്ള ലവോദിക്ക്യയും, പതിമൂന്നു മൈൽ വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്തിരുന്ന ഹിരാപ്പൊലിയും. പൗലൊസ് കൊലൊസ്യർക്കു ലേഖനമെഴുതുമ്പോൾ അവയിൽ ഓരോന്നിലും ക്രിസ്തീയ സമൂഹങ്ങളാണ് ഉണ്ടായിരുന്നത് (കൊലൊ. 2:1; 4:13–16). ഏതാണ്ട് നൂറ്റിയിരുപത് മൈൽ പടിഞ്ഞാറായി സ്ഥിതിചെയ്തിരുന്ന എഫെസൊസിൽ മുൻപുതന്നെ സുവിശേഷം അറിയിച്ചിരുന്നു. ഒന്നാം-നൂറ്റാണ്ടിലെ ഭൂപടമനുസരിച്ച് നൂറ്റിയിരുപതു മൈൽ അകലെയായിരുന്നു റോം സ്ഥിതിചെയ്തിരുന്നത് (“പൗലൊസിന്റെ കാലത്തെ റോമാ ലോകം” എന്ന ഭൂപടം നോക്കുക).

ലിക്കസ് വാലിയിലെ കൊലോസെ, ലിക്കസ് നദിയുടെ തെക്കേക്കരയിൽ സ്ഥിതിചെയ്ത ഒരു പ്രാചീന കോട്ട മെന്റർ നദിയുടെ ഉപനദിക്കരികിലുണ്ടായിരുന്നു. രണ്ടരുവികൾ ചേർന്ന ഒരു ഭാഗമായിരുന്നു കൊലൊസെ. ആ ജലത്തിൽ അസാധാരണമായ ചില ചെടികൾ, ചുണ്ണാമ്പുകല്ലുകൾ എന്നിവ തുണിക്ക് നിറം കൊടുക്കുന്നതിനു യോജിച്ചതായിരുന്നു. മൂന്നു മൈൽ തെക്കുമാറി 8,435 അടി ഉയരത്തിലുള്ളതായിരുന്ന ഹോമാസ് ടാഗ് (കാട്മസ് മല); വടക്കുമാറി മോസിനാ റെയ്ഞ്ച് സ്ഥിതിചെയ്തിരുന്നു. എ. ഡി. 61ൽ,[10] നീറോയുടെ വാഴ്ച്ചക്കാലത്തായിരുന്നു. ലവദോക്യ നശിപ്പിക്കുകയോ അല്ലെങ്കിൽ കഠിനമായി തകർക്കുകയോ ചെയ്തത് കൊലൊസ്യയേയും ഹിരപ്പൊലിയേയും സാരമായി ബാധിച്ചിരിക്കാം. ഭൂകമ്പങ്ങൾക്കും അഗ്നിപർവ്വതങ്ങൾക്കും പ്രസിദ്ധമായിരുന്നു ലിക്കസ് താഴ്‌വര.[11]

ക്രിസ്തുവിന് പല നൂറ്റാണ്ടുകൾക്കു മുമ്പ്, കൊലൊസെ ഫ്രുഗ്യയിലെ ഒരു ധനികപട്ടണവും എഫെസോസിൽ നിന്ന് യുഫ്രെത്തോസ് നദിയിലേക്കുള്ള മുഖ്യ മാർഗ്ഗവുമായിരുന്നു. രണ്ട് സൈന്യാധിപന്മാർ–ബി.സി., 481 ൽ, സെർസസ്സും പിന്നീട് ബി. സി., 401 ൽ സൈറസ് ദ യങ്ങറും– അവിടെ സന്ദർശിച്ചിരുന്നു എന്നതാണ് അതിന്റെ പ്രത്യേകത.

ഹെരോദാത്തോസ് പറഞ്ഞതനുസരിച്ച്, പാർസ്സി ചക്രവർത്തി സെർസസ്സ് (485–465 ബി. സി.), അയാളെ “അഹശ്വരേശ്” എന്നാണ് എസ്ഥേറിന്റെ പുസ്തകത്തിൽ വിളിച്ചിരിക്കുന്നത് (1:1), അയാൾ പാർസിയിൽ നിന്ന് ഗ്രീസ് കീഴടക്കുവാനായി കൊലൊസെ കടന്നാണ് പോയത്. പിന്നീട് സെനോഫോൺ (401 ബി. സി.), സൈറസ്സ് ദ യങ്ങറിന്റെ കീഴിൽ ഒരു യുവ ഗ്രീക്ക് സൈന്യാ

ധിപൻ ഒരു കൽപിത-മാർച്ച് നടത്തിയതായി ചരിത്രം പറയുന്നു, അതിനിടയിൽ സൈറസ് ഏഴു ദിവസം കൊലോസ്യയിൽ താമസിക്കയും അവന്റെ സൈന്യം തെക്കുള്ള സർദ്ദീസിലേക്ക് നീങ്ങുകയും ചെയ്തു. സിനോഫോൺ കൊലൊസയെ "വാസയോഗ്യവും സമ്പൽ സമൃദ്ധവുമായ ഒരു വലിയ പട്ടണം"[12] എന്നാണ് വിശേഷിപ്പിച്ചത്. "ഫ്രൂഗ്യയുടെ ഒരു വലിയ പട്ടണം" എന്നാണ് കൊലൊസയെ ഹെരോദാത്തോസ് വിശേഷിപ്പിച്ചത്.[13]

കൊലൊസയിൽ മുമ്പു താമസിച്ചിരുന്നത് ഫ്രുഗ്യക്കാരും ഗ്രീക്കുകാരും ആയിരുന്നു. ബി. സി., രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്ത്യോക്കസ് III (മഹാനായ) മെസപ്പൊത്തോമിയയിൽ നിന്നും ബാബേലിൽ നിന്നും രണ്ടായിരം യഹൂദ കുടുംബങ്ങളെ ലുദിയയിലേക്കും ഫ്രുഗ്യയിലേക്കും കൊണ്ടുവന്നു.[14] ജെ. ബി. ലൈറ്റ്ഫുട്ട് മറ്റൊരു സൂചന നൽകിയതു യഹൂദന്മാർ ഭൂരിഭാഗവും ലിക്കസ് താഴ്വരയിൽ താമസിക്കുകയും, അവർ ദൈവാലയ നികുതി നൽകുകയും ചെയ്തിരുന്നു.[15]

ബി. സി., 133 ൽ അദലിത് രാജവംശം പെർഗമം സാമ്രാജ്യത്തെ റോമൻ സെനറ്റിനും റോമാക്കാർക്കും ഇഷ്ടദാനമായി കൊടുത്തിരുന്നു. കൊലൊസെ അങ്ങനെ ഒരു റോമൻ പ്രവശ്യയായി പുനർനിർമാണം ചെയ്തു. അതിനു ശേഷം, ആ പട്ടണവും മറ്റ് ഫ്രൂഗ്യ പ്രദേശങ്ങളും സ്വതന്ത്രമായ രാഷ്ട്രീയ പ്രാധാന്യം ഇല്ലാത്തവയായി. ക്രിസ്തീയ യുഗാരംഭത്തോടെ, കൊലൊസെ പ്രാധാന്യമില്ലാത്ത പട്ടണമാകുകയും, ലവൊദിക്യാ, ഹിരാപ്പൊലി എന്നിവയെ പിന്നിലാക്കുകയും ചെയ്തു. ഭൂമിശാസ്ത്ര ഗ്രന്ഥകാരനായ സ്ട്രാബോ ക്രിസ്തുവിന്റെ സമയത്ത് എഴുതിയത് അത് "ഒരു ചെറിയ ടൗൺ" ആയിട്ടാണ്.[16]

കൊലൊസെ വിവിധ സംസ്കാരവും മതവും ഉൾപ്പെട്ട പട്ടണമായിരുന്നു. പടിഞ്ഞാറും കിഴക്കും തമ്മിലുള്ള വ്യാപാരത്തെ ബന്ധിപ്പിക്കുന്ന ഒരു സ്ഥലം ആയതിനാൽ, അത് കിഴക്കും പടിഞ്ഞാറുമുള്ള സംസ്കാരങ്ങളുടെ തത്വസംഹിതകളെ എടുത്തു കാണിച്ചിരുന്നു. ആസ്യയിൽ നിന്നും ഫ്രൂഗ്യയിൽ നിന്നുമുള്ള യെഹൂദന്മാർ (കൊലൊസെയിൽ ഉൾപ്പെട്ടിരിക്കാൻ സാദ്ധ്യതയുണ്ട്) പെന്തെക്കൊസ്തു നാളിൽ യെരുശലേമിൽ വന്നിരുന്നു (പ്രവൃ. 2:9, 10). അതുകൊണ്ട്, കൊലൊസ്യ സഭയിൽ ഉണ്ടായിരുന്നവർ യെഹൂദ മതത്തിൽ നിന്ന് പരിവർത്തനം ചെയ്തവരാകാമെന്നു കരുതുന്നതിൽ തെറ്റില്ല. ആ തീർപ്പിനെ സാധുകരിക്കുന്നതാണ് പൗലൊസ് കൊലൊസ്യർ 2:16 ൽ യെഹൂദ പരിശിലനങ്ങളെ എടുത്തുപറയുന്നത്.

ലിക്കസ് താഴ്വരയിൽ സിബലെ ദേവതയെ ജാതികൾ ആരാധിച്ചിരുന്നതായി. കൊലൊസ്യയിലെ പരീശീലനം വ്യക്തമാക്കുന്നു. റോമാ വാഴ്ച്ചക്കാലത്തു ആളുകൾ കൊലൊസ്യയിലെ നാണയങ്ങൾ ഉപയോഗിക്കുകയും (സി. 27 ബി. സി.-എ. ഡി. 180)[17] ഐസിസ്, സെരാപ്പിസ്, ഹെലിയോസ്, ഡെമറ്റർ, സലീൻ, എഫേസോസിലെ അർത്തമിസ്, ഹൺട്രെസ് എന്ന അർത്തമിസ്, മെൻ എന്ന ഫ്രുഗ്യ ദേവനേയും അവർ നമസ്കരിച്ചിരുന്നു. അന്യ ദേവന്മാരെ നമസ്കരിച്ചിരുന്നവരിൽ നിന്നാണ് പലരും ക്രിസ്ത്യാനികളായി തീർന്നതെന്നു തോന്നുന്നു (കൊലൊ. 1:21). അന്യദേവന്മാരെ നമസ്കരിച്ചിരുന്ന പശ്ചാത്തലത്തിൽ നിന്നാണ് ചിലർ ക്രിസ്ത്യാനികളായി തീർന്നതെന്ന് കൊലൊസ്യ ലേഖനത്തിൽ സൂചിപ്പിക്കുന്ന പേരുകൾ വ്യക്തമാക്കുന്നു.[18]

ഇന്നു, കൊലൊസെ തുർക്കിയിലെ ഉപേക്ഷിക്കപ്പെട്ട ഒരു കുന്നാണ്. ഇന്നുവരെ, അതൊരിക്കലും കുഴിച്ചെടുക്കപ്പെട്ടിട്ടില്ല. ഏകദേശം ആ കുന്നിന്

മൂന്നുമൈൽ വടക്കു പടിഞ്ഞാറായി ഹൊണ്ടാസ് എന്ന് പേരുള്ള ഒരു ഗ്രാമം ഉണ്ട്, അത് എസ്കീസെറിൽ നിന്ന് ദെനിസ്ലീയിലേക്കുള്ള വഴിയിൽ അടുത്തു തന്നെയാണ്.

## മതനിന്ദയുടെ പ്രശ്നം

കൊലൊസ്യ ലേഖനത്തിൽ ശക്തമായൊരു സന്ദേശം അടങ്ങിയിരിക്കുന്നു, എന്നാൽ കൊലൊസ്യ സഭ നേരിട്ടിരുന്ന പ്രശ്നം എന്താണെന്ന് വ്യക്തമായി പറയുന്നില്ല. ഏതെങ്കിലും പ്രത്യേകമായ തെറ്റുകൾ സഭയിലേക്കു നുഴഞ്ഞുവന്നോ, അല്ലെങ്കിൽ പൗലൊസ് പൊതുവായ ദുരുപദേശത്തിനെതിരായി സംസാരിക്കയായിരുന്നോ?

കൊലൊസ്യ സഭ സമർപ്പിക്കപ്പെട്ട് വളർന്നുവന്ന ഒരു ഇടവകയായിട്ടാണ് പൗലൊസ് അന്തർലീനമാക്കിയത്. അവിടത്തെ അംഗങ്ങളെ അവൻ വിളിച്ചത് "വിശുദ്ധന്മാരും" "വിശ്വസ്തരും" എന്നാണ് (1:2). ക്രിസ്തുവിലുള്ള അവരുടെ വിശ്വാസവും വിശുദ്ധന്മാരോടുള്ള അവരുടെ സ്നേഹവും വിപുലമായി വിവരിക്കപ്പെട്ടിരുന്നു (1:4). കൊലൊസ്യർ ഫലം കായ്ച്ചുകൊണ്ടിരുന്നു (1:6). അവർ രാജ്യത്തിലായിരുന്നു (1:13). ദൈവത്തോട് നിരപ്പു പ്രാപിക്കുകയും ചെയ്തിരുന്നു (1:22). അവർ സ്നാനമേൽക്കുകയും (2:12), ക്രിസ്തുവിനോടുകൂടെ ജീവിക്കയും ചെയ്തിരുന്നു (2:13). അവർ ക്രിസ്തുവിൽ മറഞ്ഞിരിക്കുകയും (3:3), സ്നേഹത്താൽ തിരഞ്ഞെടുക്കപ്പെടുകയും (3:12), ഏകശരീരമായി തീരുകയും ചെയ്തു (3:15). അവർ അധാർമ്മികതയിലോ ദുരുപദേശത്തിലോ ഏർപ്പെട്ടിരുന്നതായി പൗലൊസ് സൂചിപ്പിച്ചിട്ടില്ല.

സഭയുടെ അവസ്ഥയെക്കുറിച്ച് ഒരു സന്ദേശം എപ്പഫ്രാസ് പൗലൊസിന്റെ അടുക്കൽ എത്തിച്ചു (1:7, 8). അവൻ അംഗങ്ങളെക്കുറിച്ച് നല്ല വിവരം പറഞ്ഞപ്പോൾ, ഒരു പക്ഷെ അവർക്കിടയിലുണ്ടായിരുന്ന പ്രശ്നങ്ങളേയും അവതരിപ്പിച്ചിരിക്കാം. ആ സഹോദരന്മാർ സത്യത്തിൽ നിന്ന് വ്യതിചലിച്ചിരിക്കയില്ല എങ്കിലും, അവർ വീണുപോകാതിരിപ്പാൻ ആവശ്യമായ മുന്നറിയിപ്പുകളും നൽകുന്നു.

ആ ലേഖനത്തിലെ ചെറിയൊരു ഭാഗം സുവിശേഷത്തിൽ നിന്ന് അകന്നുപോകുന്നതിനെതിരായ മുന്നറിയിപ്പുകൾ പൗലൊസ് നൽകുന്നതാണ് (2:4–23). ആ മുന്നറിയിപ്പുകൾ പ്രത്യേകമായ പരിശീലനങ്ങളെ എടുത്തു പറയുന്നുവെങ്കിലും, വ്യക്തിപരമായി ആരെങ്കിലും അതിനു തുടക്കമിട്ടതായി പൗലൊസ് സൂചിപ്പിച്ചിട്ടില്ല. ക്രിസ്തുവിനെ പിടിച്ച്കൊള്ളുവാൻ പൗലൊസ് പ്രേരിപ്പിച്ചതാകാം, അല്ലെങ്കിൽ അവരുടെ സംസ്കാരം ശക്തമായ സ്വാധീനം ചെലുത്തിയേക്കാം എന്നതുകൊണ്ടുമാകും.

(1) *പൗലൊസ് ഒരുപക്ഷെ എഴുതിയത് ജ്ഞാന വാദോപദേശത്തിനു മറുപടി നൽകുവാനായിരിക്കാം.* ഒരു സമയത്തേക്ക്, ജ്ഞാനവാദം പൗലൊസ് സംബോധന ചെയ്ത മതനിന്ദ കൈകാര്യം ചെയ്യുന്നതാണ്. എന്നാൽ ആ ആശയം പല വ്യാഖ്യാതാക്കളും തള്ളിക്കളഞ്ഞിരിക്കയാണ്. ജ്ഞാനവാദം രണ്ടാം നൂറ്റാണ്ടുവരെ പൂർണ്ണവികാസത്തിലെത്തിയിരുന്നില്ല. ആ ഉപദേശവശങ്ങളുടെ മുഖ്യമായ കാര്യങ്ങളെ പീറ്റർ റ്റൂൺ താഴെ കൊടുത്തിരിക്കുന്നതുപോലെ വിവരിച്ചിരിക്കുന്നു:

സത്യ ദൈവം വിശുദ്ധമായ ആത്മാവായി വെളിച്ചത്തിൽ വസിക്കുന്നു,

അവൻ ഇരുട്ടിൽ നിന്നു പൂർണമായി വേർപെട്ടു നിൽക്കുന്നു. ഇത് ദുഷിച്ച ലോകമാണ്, കാരണം അത് വസ്തുക്കളാൽ നിർമ്മിതമാണ്, വസ്തുക്കൾ ദോഷമുള്ളവയാണ്. സത്യ ദൈവത്തിന് അതുമായി ഒരു ബന്ധവുമില്ല, കാരണം അതെല്ലാം ദൈവത്തിൽ നിന്നു താഴ്ന്നതും തെറ്റുള്ളവയുമാണ്. ഈ ലോകത്തുള്ള ആളുകൾ ശരീരവും മനസ്സും ഉള്ളവരാണ്, എന്നാൽ ചിലരിൽ വിശുദ്ധമായ ആത്മാവിന്റെ മിന്നലുകൾ കാണാം അത്തരം "ആത്മീയരായ" ആളുകൾ ദുഷിച്ച ലോകത്തിൽ നിന്ന് ദൈവത്തിലേക്ക് അഭയം തേടണം; അങ്ങനെ ഒരു രക്ഷകന്റെ ആവശ്യം വരുന്നു. വിശുദ്ധമായ ആത്മാവു വസിക്കുന്ന യേശു ശരീരത്തിലും മനസിലും പ്രത്യക്ഷമായി എങ്കിലും ആ രക്ഷകൻ വെളിച്ചവും പരിജ്ഞാനവുമായി (*നോസിസ്*) സത്യ ദൈവത്തിൽ നിന്നു വന്നു. അതുകൊണ്ട് ആത്മാവിന്റെ മിന്നലുള്ളവർ പരിജ്ഞാനം പ്രാപിക്കയും സത്യദൈവത്താൽ പാപം മോചിക്കപ്പെടുകയും ചെയ്യും.[19]

ഭൗതിക ലോകം പൂർണ്ണമായും ദോഷമുള്ളതാകയാൽ ആത്മീയ ലോകത്തിൽ നിന്ന് പൂർണ്ണമായും വേർപെട്ടിരിക്കുന്നതുമാണെന്ന് നാസ്റ്റിക്സുകാർ വിശ്വസിച്ചിരുന്നു. അതിന്റെ പരിണത ഫലമാണ് ദ്വൈതം, അത് ഒരു തത്വ സംഹിതയായി പറയുന്നത് നല്ലതിനും ആത്മീയതക്കും എതിരാണ് വസ്തു എന്നാണ്. ഈ സിദ്ധാന്തമനുസരിച്ച്, ദൈവം (പൂർണ്ണമായും നല്ലവൻ) വസ്തു ഒരിക്കലും നിർമ്മിക്കുവാൻ സാദ്ധ്യതയില്ല (കാരണം അത് തിന്മയാണ്). താഴെക്കിടയിലുള്ള മറ്റു ദേവന്മാർ ഉയർന്ന ദൈവത്തിൽ നിന്നു ഉത്ഭവിച്ചതും, ആ താഴെകിടയിലുള്ള ഏതോ ഒരു ദേവൻ ലോകത്തെ സൃഷ്ടിച്ചു എന്നുമാണ് നാസ്റ്റിക്സുകാർ വിശ്വസിച്ചിരുന്നത്. മറ്റ് ആത്മാക്കളുടെ സഹായത്തോടുകൂടി, അവൻ മനുഷ്യാത്മാക്കളെ തടവിലാക്കി അങ്ങനെ വ്യക്തികൾക്ക് ആത്മീക നിലനിൽപിലേക്ക് രക്ഷപ്പെടുവാനുള്ള ആഗ്രഹം അനുവദിക്കുന്നു. അതേ സമയം ഭൗതിക നിലനിൽപ്പിൽ നിന്ന് രക്ഷപ്പെടുവാനുള്ള ആത്മീയ മിന്നൽ എല്ലാവരിലും ഇല്ലാ എന്നും അവർ പറയുന്നു. ഭൗതീകത്വത്തിൽ നിന്ന് ആത്മീകതയിലേക്ക് പ്രവേശിക്കുവാൻ മരിക്കുന്ന സമയത്ത് ശരിയായ പരിജ്ഞാനമുള്ളവർക്കു മാത്രമേ കഴിയു എന്നാണ് അവരുടെ വാദം.

യേശു ജഡത്തിൽ വസിച്ചിരുന്നു എന്ന് വിശ്വസിക്കാത്തവർ ആയിരുന്നു നാസ്റ്റിക്സുകാർ, അവർ അവന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയിലും വിശ്വസിച്ചിരുന്നില്ല. അവർക്കു രക്ഷയെന്നുള്ളത് പാപത്തിൽ നിന്നുള്ള രക്ഷയായിരുന്നില്ല, മറിച്ച് ഭൗതികതയിൽ നിന്നുള്ള വിടുതലായിരുന്നു.

(2) *പൗലൊസ് പറയുന്നതു ഒരുപക്ഷെ എസ്സെൻസ്സിന്റെ ഉപദേശങ്ങളെ ആയിരിക്കാം.* ജെ. ബി. ലൈറ്റ്ഫുട്ടിന്റെ കൊലൊസ്യ ലേഖനത്തെക്കുറിച്ചുള്ള കമന്ററിയിൽ എസ്സെൻസ്സിന്റെ ഉപദേശങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു, അത് ഒരു യഹൂദ വിഭാഗമായിരുന്നു. കൊലൊസ്യ സഭയിലേക്ക് നുഴഞ്ഞുവന്ന മുഖ്യമായ ഒരു മതനിന്ദയുമായിരുന്നു അത്.[20] കൊലൊസ്യരും എസ്സനിസ്സവും തമ്മിലുള്ള സമാനതകൾ പറഞ്ഞശേഷം ഡൊണാൾഡ് ഗത്രി എഴുതി, "ലൈറ്റ്ഫുട്ടിന്റെ സിദ്ധാന്തം സ്വീകാര്യമല്ലെങ്കിലും രണ്ടാം-നൂറ്റാണ്ടിലെ നോസ്റ്റിസത്തെക്കാൾ വളർന്നു വന്ന ഒന്നായിരുന്നു എസ്സനിസ്സം."[21]

(3) *യേശുവിനെക്കുറിച്ചുള്ള ദുരുപദേശം കൊലൊസ്യരെ ബാധിച്ചിരിക്കാം.* പൗലൊസ് യേശുവിന്റെ സ്വഭാവത്തിന് ഊന്നൽ നൽകി. അവൻ

ദൈവത്തിന്റെ പ്രതിമ മാത്രമായിരുന്നില്ല (1:15), അവൻ സകലത്തിന്റേയും സൃഷ്ടികർത്താവും ആയിരുന്നു (1:16, 17). അവൻ സകലത്തിലും മുമ്പനാണ്. അവൻ സഭയുടെ തലയും, അവനിൽ സർവ്വ സമ്പൂർണ്ണതയുമുണ്ടായിരുന്നു (1:18). ദൈവത്തിന്റെ സമ്പൂർണ്ണതയും അവനിൽ വസിച്ചിരുന്നു (2:9).

(4) *ചില ക്രിസ്ത്യാനികൾ തത്വസംഹിതയിലേക്ക് തിരിഞ്ഞിരിക്കാം* (2:8). അവർക്ക് യേശു അല്ലാതെ മറ്റൊരു ഉപദേശകനോ ഉപദേശമോ ആവശ്യമില്ല എന്ന് പൗലൊസ് കൊലൊസ്യരോട് പറഞ്ഞു. അവനിൽ ക്രിസ്ത്യാനികൾ തികവുള്ളവരാണ് (2:10).

(5) *യെഹൂദ ചിന്തയാൽ ചിലർ സ്വാധീനിക്കപ്പെട്ടിരിക്കാം.* അങ്ങനെയെങ്കിൽ, പാപമോചനം ന്യായപ്രമാണം ആചരിച്ചാൽ ലഭിക്കുമെന്ന് അവരെ പഠിപ്പിച്ചിരിക്കാം. ന്യായപ്രമാണ ചട്ടങ്ങളും നിയമങ്ങളും നീക്കി യേശുവിന്റെ രക്തം അവർക്ക് പാപമോചനം നൽകി എന്നായിരുന്നു പൗലൊസ് അവരോട് പറഞ്ഞത് (2:12–16), അത് യെഹൂദന്മാരുടെ ഉപദേശത്തിനുള്ള മറുപടി ആയിരുന്നു.

(6) *ചില യെഹൂദ റബ്ബിമാരുടെ സ്വാധീനത്തിൽ പെട്ട് ചിലർ ദൂതന്മാരെ ആരാധിച്ചിരിക്കാം* (2:18). ഫ്രുഗ്യൻ പ്രദേശത്തുള്ളവരുടെ ദൂതന്മാരോടുള്ള മനോഭാവത്തെ കുറിച്ച് എഫ്. എഫ്. ബ്രൂസ് എഴുതി:

> ദൈവത്തിനും മനഷ്യർക്കുമിടയിലുള്ള ആശയവിനിമയവും, മനുഷ്യർ ദൈവത്തോട് പ്രാർത്ഥിക്കുന്നതും, ആരാധിക്കുന്നതും [ദൂതന്മാരുടെ] മദ്ധ്യസ്ഥതയിലും അനുവാദത്തിലുമാണ് നടക്കുന്നത്. അതുകൊണ്ടായിരിക്കാം അവരുടെ നല്ല മനസിനെ ആദരിച്ച് സന്തോഷിപ്പിക്കുവാൻ ശ്രമിക്കുന്നത്.[22]

അതിനു പുറമെ, ദൈവം മനുഷ്യർക്ക് ന്യായപ്രമാണം നൽകുവാനും ഏജന്റായി ദൂതന്മാരെ ഉപയോഗിച്ചിരുന്നു. അക്കാരണത്താൽ ന്യായപ്രമാണം അനുസരിക്കുന്നത് അവരെ ബഹുമാനിക്കുന്നതായി കണക്കാക്കിയിരുന്നു, അതുപോലെ ന്യായപ്രമാണത്തെ ലംഘിക്കുന്നത് അവരെ അനാദരിക്കുന്നതായും കണ്ടിരുന്നു. ആ ഉപദേശമനുസരിച്ച്, ന്യായപ്രമാണം അനുസരിക്കുകയും, ശരീരത്തെ കർക്കശമായി നിയന്ത്രിക്കുകയും ചെയ്യുന്നത് ദൂതന്മാരെ ആശ്വസിപ്പിക്കുന്നതാണ്.

(7) *ചിലർ ഭൗതിക കാഴ്ച്ചപ്പാടിലുള്ള ജീവിതത്തെയും എടുത്തിരിക്കാം.* അതായിരുന്നു അവരുടെ സമീപനം എങ്കിൽ, പൗലൊസ് പറഞ്ഞ "ലോകത്തിന്റെ ആദ്യ പാഠങ്ങൾ" അതുദ്ദേശിച്ചായിരിക്കാം (2:8). ചിലർ അന്യദേവന്മാരെ നമസ്ക്കരിക്കുന്നതിൽനിന്നാണ് തിരിഞ്ഞു വന്നത് (ലൈംഗിക വേഴ്ച്ചയും അടങ്ങുന്നു). അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ധാർമ്മികതയെ സംബന്ധിച്ച് ലൗകികതയോടു പൊരുതുവാൻ പറ്റിയ ഒരു നിലവാരമില്ല, അതായിരിക്കാം പൗലൊസ് 3:3–9 ൽ ചിന്തിച്ചത്.

(8) *ഏകകാലിക സംഭവമെന്ന പ്രശ്നമായിരിക്കാം പൗലൊസ് എഴുതിയത്*, അതായത്, യെഹൂദ രഹസ്യവാദത്തിൽ കാണാമായിരുന്ന മതപരമായ വിവിധ ഉപദേശങ്ങളും, തത്വസംഹിതകളും, അന്യദേവന്മാരുടെ മർമ്മമായ ആചാരങ്ങളും ഉൾപ്പെടുന്നു. ക്ലിന്റൺ ഈ. ആർണോൾഡ് തീർച്ചയാക്കിയത് ഇതായിരുന്നു പ്രശ്നം എന്നാണ്:

സഭക്ക് ഹാനി വരുത്തുന്നതും, ക്രിസ്തു എന്ന വ്യക്തിക്ക് അവമതിപ്പു ണ്ടാക്കുന്നതുമായ എതിരായ ഉപദേശങ്ങളെ ചെറുക്കുന്നതിനായിരുന്നു അപ്പൊസ്തലൻ കൊലൊസ്യർക്ക് ലേഖനം എഴുതിയത്. ആ ദുരുപദേശ "തത്വസംഹിത" കൊലൊസ്യരെ വശീകരിക്കുന്നതായിരുന്നു, കാരണം അത് അവതരിപ്പിച്ചിരുന്നത് [അധോലോക] ആത്മാക്കളുടെ ഉപദ്രവകര മായ സ്വാധീനത്താലായിരുന്നു. [സ്വർഗത്തിലെ അമാനുഷ] ശക്തിയാ ലും, വിവിധങ്ങളായ ദുഷ്ടാത്മാക്കളും ഉൾപ്പെട്ടിരുന്നു.[23]

ഏത് മതനിന്ദയാണെന്ന് നമ്മോട് പറഞ്ഞിട്ടില്ലാത്തതിനാൽ, അങ്ങനെ എന്തെങ്കിലും കൊലൊസ്യ സഭയിലേക്ക് നുഴഞ്ഞു വന്നിട്ടുണ്ടെങ്കിൽ, പൗലൊസ് എഴുതിയ ലേഖനത്തിലെ ഉപദേശങ്ങൾ മുകളിൽ പറഞ്ഞ ഏതൊ രു പ്രശ്നത്തെയും പരിഹരിക്കുന്നതിനായിരുന്നു.

## ഉദ്ദേശവും മുഖ്യവിഷയങ്ങളും

**ഉദ്ദേശം**

ലേഖനത്തിന്റെ ഉദ്ദേശം ഒരാൾ കൊലൊസ്യയിൽ എങ്ങനെയുള്ള മതനി ന്ദയാണ് കാണുന്നത് എന്നതിനെ ആസ്പദമായാണ് ഇരിക്കുന്നത്. കൊലൊ സ്യയിൽ ഒരു മതനിന്ദ ഉയർന്നു വന്നിരുന്നെങ്കിൽ, കൊലൊസ്യയിലുള്ളവർ അതിനു വശംവദരരാകാതെ ക്രിസ്തുവിൽ വിശ്വസ്തരായി ജീവിക്കുവാനു ള്ള മുന്നറിയിപ്പ് നൽകുക എന്നതായിരുന്നു പൗലൊസിന്റെ ഉദ്ദേശം. ഇനി മതനിന്ദ അവിടെ ഉത്ഭവിച്ചില്ലെങ്കിൽ, അവരെ ഉത്തേജിപ്പിച്ചത് ക്രിസ്തുവിൽനി ന്നകന്നു പോകാതിരിക്കുവാനും, ക്രിസ്തു എല്ലാറ്റിലും ഉയർന്നവനാണെന്നും, ക്രിസ്ത്യാനികൾക്കെല്ലാം അവനെ ആവശ്യമാണ് എന്നും പൗലൊസ് ഉറപ്പിച്ചു പറഞ്ഞു.

അവരെ യേശുവിൽനിന്നകറ്റുന്ന ഏതൊരു ദുരുപദേശത്തെയും ഖണ്ഡി ക്കുന്നതായിരുന്നു പൗലൊസിന്റെ എഴുത്തുകൾ. സഭ ശൈശവപ്രായത്തിലാ യിരുന്നു. അംഗങ്ങൾ നേരിടുവാനുള്ള തടസങ്ങളെ അതിജീവിക്കുവാനുള്ള മുന്നറിയിപ്പുകൾ അവർക്ക് ആവശ്യമായിരുന്നു. അപ്പോൾ മതനിന്ദ ഉത്ഭവിച്ചി ല്ലെങ്കിൽ, ക്രിസ്തുവിൽനിന്നകന്ന് പോകാതിരിക്കുവാനുള്ള മുന്നറിയിപ്പായി രിക്കാം പൗലൊസ് നൽകിയതെന്ന് തോന്നുന്നു. അവർ സന്തോഷത്തോടെ യേശുവിനെ കർത്താവായി സ്വീകരിച്ച് വിശ്വസ്തമായി ക്രിസ്തീയ ജീവിതം നയിക്കുകയായിരുന്നു; എങ്ങനെയായാലും, അപകടങ്ങൾ വരുവാനിരിക്കുന്നു. യേശുവിന്റെ ഉപദേശങ്ങളേക്കാൾ അവർ മറ്റു ചിലത് സ്വീകരിക്കുവാൻ പ്രേ രിപ്പിക്കപ്പെട്ടേക്കാം. യേശു ദൈവത്തേക്കാൾ കുറവുള്ളവനാണെന്ന് അവരെ ആളുകൾ പഠിപ്പിക്കുവാൻ തുടങ്ങിയിരിക്കാം. മറ്റു കുഴപ്പങ്ങളായ ഭൗതികവാ ദം, ദുർന്നടപ്പ്, അല്ലെങ്കിൽ ആത്മിയതക്കുറവ് എന്നിവയും ഉണ്ടായിരുന്നേക്കാം.

ക്രിസ്തുവിന്റെ ശ്രേഷ്ഠത ഉയർത്തി കാണിക്കുന്നതിലായിരുന്നു പ ൗലൊസിന്റെ ശ്രദ്ധ. അവനിൽനിന്ന് ഉത്ഭവിക്കാത്ത ഏതൊരു ഉപദേശവും നാശകരമാണ്. അവൻ പൂർണ്ണമായും ദൈവമാകയാൽ, ക്രിസ്ത്യാനികളുടെ ആത്മികാവശ്യങ്ങൾ എല്ലാം നിറവേറ്റുവാൻ അവൻ മതിയായവനുമാണ്. അക്കാരണത്താലാണ്, യെഹൂദന്മാരുടേയോ, അന്യദേവന്മാരെ നമസ്ക്കരിക്കു ന്നവരുടേയോ, ഗ്രീക്ക് തത്വചിന്തകന്മാരുടേയോ സ്വാധീനത്തിൽ കുടുങ്ങരു

തെന്ന് പൗലൊസ് മുന്നറിയിച്ചത്, അവയിൽനിന്നാണ് അവർ രക്ഷിക്കപ്പെട്ടത്. ലോകത്തിന്റെ അധാർമ്മികപ്രവൃത്തികളെ മരിപ്പിച്ചു സ്വർഗീയ കാര്യങ്ങളിൽ ജീവിക്കുവാനായിരുന്നു അപ്പൊസ്തലൻ അവരെ ഉത്തേജിപ്പിച്ചത്. ഉയരത്തിലുള്ളത് ചിന്തിച്ച് അവരുടെ കുടുംബപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുക എന്നതായിരുന്നു അവർക്ക് മുൻപിൽ വെച്ച ലക്ഷ്യം.

മറ്റു പരിശീലനങ്ങൾ ഒഴിവാക്കി, ക്രിസ്തുവിനെ പിൻപറ്റുവാൻ അവരെ ഉത്തേജിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായിരുന്നു ലേഖനം എഴുതിയത്. അവരുടെ സംസ്ക്കാരങ്ങളിൽ പെട്ട പാരമ്പര്യവും, അഭക്തിയുള്ള തത്വസംഹിതകളും ഒഴിവാക്കി ക്രിസ്തുവിനോട് സത്യസന്ധത പുലർത്തുവാനായിരുന്നു പൗലൊസ് അവർക്ക് കൊടുത്ത വെല്ലുവിളി.

**മുഖ്യ വിഷയങ്ങൾ**

കൊലൊസ്യ ലേഖനം ചെറിയ പുസ്തകമാണെങ്കിലും, ബൈബിളിലെ പ്രധാനപ്പെട്ട വിഷയങ്ങൾ പലതും ഇതിൽ കാണാം. മറ്റു പുതിയനിയമപുസ്തകങ്ങളിൽ കാണാത്ത ചെറിയ വിഷയങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊലൊസ്യയിലെ അന്നുണ്ടായിരുന്ന ക്രിസ്ത്യാനികളും പിന്നീട് ഉണ്ടാകുവാനിരിക്കുന്ന ക്രിസ്തീയ തലമുറകളും അഭിമുഖീകരിക്കുന്ന പല ഉപദേശപരമായ പ്രശ്നങ്ങളും, ധാർമ്മികവും സാമൂഹികവുമായ പ്രശ്നങ്ങളെ ലേഖനം കൈകാര്യം ചെയ്യുന്നു. ആ കാഴ്ച്ചപ്പാടനുസരിച്ച് പുസ്തകത്തിൽ അഞ്ചു മുഖ്യ വിഷയങ്ങൾ ഉള്ളതായി കാണാം.

(1) *പൗലൊസും സഹോദരന്മാരും.* കൂടാതെ അവന്റെ സുവിശേഷവേലയിൽ അകമ്പടി സേവിച്ച അസംഖ്യം പേരെ അവൻ കൊലൊസ്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു: തിമൊഥെയൊസ്, എപ്പഫ്രാസ്, അരിസ്തർഹൊസ്, മർക്കൊസ്, ബർന്നബാസ്, യുസ്തൊസ്, ലൂക്കൊസ്, ദേമാസ് (1:1; 4:10–14). യേശുവിന്റെ അനുയായികളോടും, തന്നോടുകൂടെയുള്ളവരോടുമുള്ള തന്റെ സ്നേഹത്തെയും കരുതലിനെയും അവൻ വെളിപ്പെടുത്തിയിരിക്കുന്നു.

തനിക്ക് അറിയാവുന്ന ആളുകളിൽ മാത്രമായിരുന്നില്ല പൗലൊസിന് താൽപര്യമുണ്ടായിരുന്നത്, മറിച്ച് താൻ കണ്ടിട്ടില്ലാത്ത ക്രിസ്ത്യാനികളോടും അവന് കടമയുള്ളതായി അവൻ വ്യക്തമാക്കി. അവർ ആത്മിയമായി ക്രിസ്തുവിനോടുള്ള സമർപ്പണത്തിൽ വളരുവാൻ പൗലൊസ് കൊലൊസ്യയിലുള്ളവർക്കായി നിരന്തരമായി പ്രാർത്ഥിക്കുമായിരുന്നു (1:1–14). എല്ലാ വിശ്വാസികളെയും യഥാസ്ഥാനപ്പെടുത്തി പക്വതയിലെത്തിക്കുവാനും നഷ്ടപ്പെട്ടവരോട് യേശുവിലുള്ള ദൈവാനുഗ്രഹങ്ങൾ പങ്കിടുവാനും അവൻ സകല കഷ്ടങ്ങളും സഹിച്ചു (1:24–29).

(2) *ഉയർത്തപ്പെട്ട ക്രിസ്തു*. പൗലൊസ് പറഞ്ഞതനുസരിച്ച്, എല്ലാ സത്യോപദേശത്തിന്റേയും അടിസ്ഥാനം യേശുവിന്റെ അധികാരവും ശ്രേഷ്ഠതയുമാണ്. അവൻ ദൈവത്തിന്റെ പ്രതിമ ധരിക്കുകയും, സൃഷ്ടികർത്താവും, സകലവും ഭരിക്കുന്നവനും, സഭയുടെ തലയുമാകുന്നു (1:15–18). അവൻ ക്രൂശിൽ ചിന്തിയ രക്തത്താൽ ദൈവത്തോട് നിരപ്പ് സാധ്യമാക്കി (1:20–23). വാസ്തവത്തിലുള്ള സകല വിവേകവും പരിജ്ഞാനവും (2:3) ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ക്രിസ്തുവിലാണുള്ളത് (2:9, 10).

കൊലൊസ്യയിലുള്ളവർ മനുഷ്യരുടെ ജ്ഞാനത്തിലേക്കും, ഉപദേശത്തിലേക്കും പോകാതിരിക്കുന്നതിനായിരുന്നു പൗലൊസ് യേശുവിനെ കുറിച്ചുള്ള

ആ സത്യങ്ങൾ അവതരിപ്പിച്ചത്. അവർ തത്വസംഹിതകളെയും, മനുഷ്യനിയമങ്ങളെയും മതപരമായ രഹസ്യങ്ങളെയും സ്വീകരിച്ച് അവരുടെ യഥാർത്ഥ പ്രതിഫലം നഷ്ടമാക്കാതിരിക്കുവാനായിരുന്നു അവൻ പ്രബോധിപ്പിച്ചത് (2:4–8, 18–23). അവർ ന്യായപ്രമാണവും അവരുടെ ജീവിതത്തിന്റെ മാർഗരേഖയായി എടുക്കരുതായിരുന്നു കാരണം, യേശു അതിനെ ക്രൂശിൽ തറെച്ചു നീക്കിയിരുന്നു (2:14–17).

(3) *ക്രിസ്തുവിലുള്ള പുതുമ.* ക്രിസ്തുവിലുള്ള സർവ്വ-പര്യാപ്തതയും നിമിത്തം, കൊലൊസ്യയിലുള്ളവർ സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ അടക്കപ്പെടുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിനാൽ കൊലൊസ്യയിലുള്ളവരുടെ പാപങ്ങൾ ക്ഷമിച്ചു കിട്ടുകയും പുതുക്കം പ്രാപിക്കയും ചെയ്തിരുന്നു (2:11–13). യേശുവിനോടുള്ള അവരുടെ ബന്ധം ജീവിതത്തെ-മാറ്റി മറിക്കുന്ന അനുഭവമായി തീർന്നു. അവർ ക്രിസ്തുവിനോടുകൂടെ മരിക്കുകയും (2:20). അവനോടുകൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു (3:1–3). ആ കാരണത്താൽ, അവരുടെ ജീവിതത്തിലെ ഉദ്ദേശവും ദിശയും മാറിയിരുന്നു. അവരുടെ ജീവിത സാമിപ്യം മാറുന്നതായിരുന്നു. തങ്ങളുടെ അധാർമ്മിക പരിശീലനങ്ങൾ അവസാനിക്കുകയും അഭക്ത സ്വഭാവങ്ങളെ അതിജീവിക്കയും ചെയ്യണമായിരുന്നു (3:5–9). യേശുവിലുള്ള ഗുണങ്ങളെ അവർ ജീവിതത്തിൽ വർദ്ധിപ്പിക്കണമായിരുന്നു (3:10–14). അതിന്റെ ഫലമായി ഏകശരീരത്തിൽ ഐക്യത ഉണ്ടാകുകയും ചെയ്യും (3:15).

ക്രിസ്തുവിലുള്ള ശ്രേഷ്ഠമായ അനുഗ്രഹങ്ങൾ പ്രാപിച്ച്, കൊലൊസ്യർക്ക് ഹൃദയത്തിൽ നിന്ന് പാട്ടുപാടി ദൈവത്തെ സ്തുതിക്കുവാൻ കഴിഞ്ഞു (3:16). അവർ ക്രിസ്തുവിനെ പ്രസാദിപ്പിച്ചത്-വാക്കുകളിൽ മാത്രമായിരുന്നില്ല. അവരുടെ പ്രവൃത്തികളിൽകൂടെയും അതു ചെയ്തു (3:17).

(4) *കുടുംബപരമായ പരിഗണനകൾ.* മറ്റുള്ളവരോടുള്ള അവരുടെ ബന്ധം യേശുവിന്റെ തത്വങ്ങളിൽ അധിഷ്ടിതമായിരുന്നു. ഭർത്താക്കന്മാർ വീടുകളെ നയിക്കുകയും, ഭാര്യമാർ ഭർത്താക്കന്മാരോട് സഹകരിക്കുകയും, മക്കൾ അമ്മയപ്പന്മാരെ അനുസരിക്കുകയും, ദാസന്മാർ യജമാനന്മാരെ അനുസരിക്കുകയും, യജമാനന്മാർ ദാസന്മാരോട് ന്യായം പാലിക്കയും വേണമായിരുന്നു (3:18–4:1).

(5) *ക്രിസ്തുവിലുള്ള പാപമോചനം.* 1:14 ൽ പാപക്ഷമാപണം പൗലൊസ് പരിചയപ്പെടുത്തുകയും, പാപമോചനത്തിലേക്ക് പ്രവേശിക്കുന്നതിനെക്കുറിച്ച് 2:11–13ൽ വിവരിക്കുകയും ചെയ്തു. രണ്ട് ദൈവശ്വാസീയ എഴുത്തുകാരായ മർക്കൊസിനെയും, ലൂക്കൊസിനെയും അവൻ പറഞ്ഞിരിക്കുന്നു (4:10, 14), അവർ സുവിശേഷ വിവരണങ്ങൾ എഴുതിയിരിക്കുന്നു. അവരുടെ എഴുത്തുകളിൽ യേശുവിന്റെ ഉപദേശങ്ങളും ആദിമ സഭയെക്കുറിച്ചുള്ള വലിയ വിഷയവും പ്രതിപാദിച്ചിരിക്കുന്നു.

കൊലൊസ്യ ലേഖനം ശരിയായി പഠിച്ചാൽ, ക്രിസ്ത്യാനികൾക്ക് യേശുവിനെ ആഴത്തിൽ മനസിലാക്കുവാനും അവനെ പിൻപറ്റുവാൻ പ്രചോദിപ്പിക്കുകയും ചെയ്യും. അവൻ ആരാണെന്നറിഞ്ഞ് അവനെ ബഹുമാനിക്കുവാനും അവൻ ചെയതിട്ടുള്ള പ്രവൃത്തികളെ മനസിലാക്കി സന്തോഷത്തോടെ ഈ ജീവിതത്തിൽ ഉപയോഗിക്കുവാനും, തദ്വാര വരുവാനുള്ള സ്വർഗ്ഗത്തിൽ അവനോടുകൂടെ വസിക്കുവാനും കഴിയും.

## ബാഹ്യരൂപരേഖ

I. വന്ദനം (1:1, 2)
  എ. പൗലൊസിൽ നിന്നും തിമൊഥെയോസിൽ നിന്നും (1:1)
  ബി. കൊലൊസ്യയിലുള്ള വിശ്വസ്ത സഹോദരന്മാർക്കും. (1:2)
II. കൊലൊസ്യരോടുള്ള പൗലൊസിന്റെ നന്ദി ചെലുത്തൽ (1:3–8)
  എ. സ്തോത്രം എന്ന പ്രാർത്ഥന (1:3)
  ബി. അവരുടെ വിശ്വാസവും സ്നേഹവും (1:4)
  സി. അവരുടെ സ്വർഗ്ഗീയ പ്രത്യാശ (1:5)
  ഡി. അവരുടെ വിശ്വാസത്തിന്റെ ഫലങ്ങൾ (1:6)
  ഈ. എപ്പഫ്രാസിന്റെ വൃത്താന്തം (1:7, 8)
III. കൊലൊസ്യർക്കുവേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥന (1:9–14)
  എ. അവരുടെ ജ്ഞാനവും ആത്മീക വിവേചനവും (1:9)
  ബി. അവരുടെ ക്രിസ്തീയ നടപ്പും ഫലം പുറപ്പെടുവിക്കലും (1:10).
  സീ. അവരുടെ ആത്മീക ശക്തി (1:11, 12).
  ഡി. വെളിച്ചത്തിന്റെ രാജ്യത്തിലേക്കുള്ള അവരുടെ പ്രവേശനം (1:12,13).
  ഈ. ക്രിസ്തുവിലുള്ള അവരുടേയും നമ്മുടേയും പാപമോചനം (1:14)
IV. ക്രിസ്തുവിന്റെ ശ്രേഷ്ടതയെക്കുറിച്ചുള്ള വിവരണം (1:15–20)
  എ. സകലസൃഷ്ടികളുടേയും ആദ്യ ജാതനും അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും (1:15)
  ബി. സകലത്തിന്റെയും സൃഷ്ടികർത്താവ് (1:16)
  സി. സകലത്തേയും ഒന്നിച്ചു വഹിക്കുന്നവൻ (1:17)
  ഡി. സഭയുടെ തലയും പരമോന്നതനും (1:18, 19)
    1. സഭയുടെ തല (1:18)
    2. സൃഷ്ടിയുടെ ഉറവിടം (1:18)
    3. മരിച്ചവരിൽ നിന്ന് ആദ്യ ജാതൻ (1:18)
    4. സകലത്തിലും ഉൽകൃഷ്ടതയുള്ളവൻ (1:18)
    5. അവനിൽ സർവ്വ സമ്പൂർണതയും (1:19)
  ഈ. നിരപ്പിന്റെ അടിസ്ഥാനം (1:20)
V. ക്രിസ്തുമൂലമുള്ള നിരപ്പ് പൗലൊസ് ഉറപ്പിക്കുന്നു (1:21–23).
  എ. അവരുടെ മുമ്പത്തെ അവസ്ഥ (1:21)
  ബി. ക്രിസ്തുവിന്റെ മരണം മൂലം അവർക്കു ലഭിച്ച നിരപ്പ് (1:22)
  സി. അവർക്കു വിശ്വസ്തത ആവശ്യമായിരുന്നു (1:23)
VI. കൊലൊസ്യർക്കുവേണ്ടിയുള്ള പൗലൊസിന്റെ അദ്ധ്വാനം (1:24–29)
  എ. അവന്റെ സന്തോഷം: അവർക്കുവേണ്ടിയുള്ള കഷ്ടത (1:24)
  ബി. മർമ്മം അവർക്ക് വെളിവായ് വന്നു (1:25–27)
  സീ. അവർക്കുവേണ്ടിയുള്ള അവന്റെ ലക്ഷ്യം: ക്രിസ്തുവിലുള്ള പൂർണ്ണത (1:28, 29)
VII. പൗലൊസിന്റെ പ്രഖ്യാപനം: ക്രിസ്തു, ജ്ഞാനത്തിന്റേയും പരിജ്ഞാന ത്തിന്റേയും ഉറവിടം (2:1–7).
  എ. അവന്റെ ആഗ്രഹം: ദൈവത്തിന്റെ മർമ്മം അവർ പൂർണമായി

മനസിലാക്കുക (2:1, 2)

- ബി. അവന്റെ വെളിപ്പാട്: ക്രിസ്തുവിലുള്ള സകല ജ്ഞാനവും പരിജ്ഞാനവും (2:3,4)
- സി. അവന്റെ ആനന്ദം: ക്രിസ്തുവിൽ ഉള്ള അവന്റെ വിശ്വാസം (2:5).
- ഡി. അവന്റെ പ്രബോധനം: അവർ അവനെ സ്വീകരിച്ചതു പോലെ ക്രിസ്തുവിൽ നടക്കുക (2:6).
- ഈ. അവന്റെ ഉത്തേജനം: ക്രിസ്തുവിൽ പണിയുക (2:7).

VIII. ക്രിസ്തുവിന്റെ സമ്പൂർണതയെക്കുറിച്ചുള്ള പൗലൊസിന്റെ ചിത്രം (2:8–15).

- എ. മാനുഷിക ഉപദേശങ്ങളാൽ കവർന്നെടുക്കാതിരിക്കാനുള്ള മുന്നറിയിപ്പ് (2:8).
- ബി. ക്രിസ്തുവിൽ ദൈവീകത്വം മൂർത്തീഭവിച്ചിരുന്നു (2:9)
- സി. ക്രിസ്തുവിലുള്ള പൂർണ്ണത (2:10, 11)
- ഡി. ക്രിസ്തുവിലുള്ള പാപമോചനവും ജീവിതവും (2:12, 13)
- ഈ. ന്യായപ്രമാണത്തിന്റെ ചട്ടങ്ങളിൽ നിന്ന് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം (2:14).
- എഫ്. ക്രിസ്തുവിനാൽ എടുത്തു കാണിച്ച എതിർപ്പ് (2:15)

IX. തലയെ മുറുകെ പിടിക്കുവാനുള്ള പൗലൊസിന്റെ പ്രബോധനം (2:16–23)

- എ. ന്യായപ്രമാണത്തിനു പകരം ക്രിസ്തുവിനെ പിൻപറ്റൽ (2:16, 17).
- ബി. മാനുഷ പരിശീലനങ്ങളെ ഒഴിവാക്കൽ (2:18, 19).
- സി. ലോകത്തിന്റെ ആദ്യ പാഠങ്ങളിൽ നിന്ന് ക്രിസ്തുവിനോടു കൂടെ മരിക്കൽ (2:20–23)

X. ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിന്റെ നിർവചനം (3:1–14)

- എ. ഉയരത്തിലുള്ളത് ചിന്തിക്കൽ (3:1–4)
- ബി. അവരുടെ കഴിഞ്ഞ കാല അധാർമ്മികത്തെ മരിപ്പിക്കൽ (3:5–7)
- സി. അഭക്ത സ്വഭാവത്തെ ഉപേക്ഷിക്കൽ (3:8, 9)
- ഡി. ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപപ്പെടുന്ന പുതുക്കൽ (3:10,11)
- ഈ. ദൈവീക ഗുണങ്ങളെ ധരിക്കൽ (3:12–14)

XI. ക്രിസ്തുവിനോടുള്ള പ്രതികരണം (3:15–17)

- എ. അവന്റെ സമാധാനം സ്വീകരിക്കൽ (3:15)
- ബി. അവനെ പാട്ടു പാടി ആരാധിക്കൽ (3:16)
- സി. സകലതും അവന്റെ നാമത്തിൽ ചെയ്യൽ (3:17)

XII. ബന്ധങ്ങളിൽ ഉള്ള ഉത്തരവാദിത്വങ്ങൾ (3:18–4:1)

- എ. ഭാര്യമാർ ഭർത്താക്കന്മാരോട് (3:18)
- ബി. ഭർത്താക്കന്മാർ ഭാര്യമാരോട് (3:19)
- സി. മക്കൾ അമ്മയപ്പന്മാരോട് (3:20)
- ഡി. അപ്പന്മാർ മക്കളോട് (3:21)
- ഈ. ദാസന്മാർ യജമാനന്മാരോട് (3:22–25)
- എഫ്. യജമാനന്മാർ ദാസന്മാരോട് (4:1)

XIII. അവസാന അഭിപ്രായങ്ങൾ (4:2–18)

എ. പ്രബോധനങ്ങൾ (4:2–6)

1. പ്രാർത്ഥിക്കുവാൻ, പ്രത്യേകിച്ചു പൗലൊസിനു വേണ്ടി. (4:2–4)
2. പുറത്തുള്ളവരോട് ബുദ്ധിയോടെ പ്രവർത്തിക്ക (4:5, 6)

ബി. നിർദ്ദേശങ്ങളും അനുമോദനങ്ങളും (4:7–9).

1. തിഹിക്കോസുമായി ബന്ധപ്പെട്ട് (4:7, 8)
2. ഒനേസിമോസുമായി ബന്ധപ്പെട്ട് (4:9)

സി. വന്ദനവും അഭിപ്രായങ്ങളും (4:10–18).

1. സഹപ്രവർത്തകരിൽ നിന്നുള്ള വന്ദനം. (4:10–14)

എ. യെഹൂദ ക്രിസ്ത്യാനികളിൽ നിന്ന് (4:10, 11)

ബി. ജാതികളിൽനിന്നുള്ള ക്രിസ്ത്യാനികളിൽ നിന്നും (4:12–14).

2. സഹോദരന്മാർക്ക് വന്ദനവും അഭിപ്രായങ്ങളും (4:15–17)

എ. ലവൊദിക്യർക്കും നുംഭക്കും (4:15)

ബി. പൗലൊസിന്റെ ലേഖനങ്ങൾ വായിക്കുന്നതിനെക്കുറിച്ച് (4:16)

സി. അർഹിപ്പാസിന് (4:17)

3. അവസാന അഭിപ്രായങ്ങൾ (4:18).

---

കുറിപ്പുകൾ

[1]ഏണസ്റ്റ് തെയോഡർ മേയർഹോഫ്, *ഡർ ബ്രീഫ് ആൻ ഡൈ കൊലൊസർ, മിറ്റ് വോൺഞ്ച്ലിഞ്ചർ, ബെരിക്സിക്റ്റിഗെങ്ഗ് ഡർ ഡ്രൈ പാസ്റ്റൊറൽ ബ്രീഫ്, ക്രിസ്റ്റിസ്ക് ജെഹ്റിഫിറ്റ്* (ബെർലിൻ: ഹെർമാൻ സ്കൾറ്റ്സ്, 1838). [2]ഹെൻറി ക്ലാരൻസ് തീയസൺ, *ഇൻട്രൊഡക്ഷൻ റ്റു ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1943), 229–30. [3]ഡൊണാൾഡ് ഗെത്രി, ന്യൂടെസ്റ്റമെന്റ് ഇൻട്രൊഡക്ഷൻ, 3ഡ്. എഡി., റവ. (ഡൗണേഴ്സ് ഗ്രോ, Ill.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1970), 554. [4]റോബർട്ട് ജി. ബ്രാച്ചർ ആന്റ് യുജി എ. നിഡ കൊലൊസ്യലേഖനവും എഫേസ്യ ലേഖനവും തമ്മിലുള്ള ബന്ധത്തെ പറഞ്ഞിരിക്കുന്നു.: "കൊലൊസ്യർ ഒരുവിധത്തിൽ എഫേസ്യ ലേഖനവുമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ട് ലേഖനങ്ങളിലെ സമാനതകൾക്കു പുറമേ, പൗലൊസ് അപ്പോൾ തടവിലായിരുന്നു എന്നു [എഫെ. 6:20] . തിഹിക്കോസിനെ ലേഖനം കൊടുത്തയക്കുന്നതും അവരെ അറിയിക്കുവാൻ പൗലൊസ് ആഗ്രഹിച്ചു. [എഫെ 6:21, 22] " (റോബർട്ട് ജി. ബാച്ചർ ആന്റ് യൂജിൻ എ. നിഡ, എ ട്രാൻസ്ലേറ്റേഴ്സ് ഹാൻബുക്ക് ഓൺ പോൾസ് ലറ്റേഴ്സ് റ്റു ദ കൊലൊഷ്യൻസ് ആന്റ് റ്റു ഫിലെമൊൻ, ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് ധന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റിസ്, 1977, 1). [5]ആ സമാനതകളെക്കുറിച്ചുള്ള കൂടുതൽ പഠനത്തിന് നോക്കുക, എച്ച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റൽസ് റ്റു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ.* ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രഡ്ജ്: യുണിവേഴ്സിറ്റി പ്രസ്സ്, 1893; റിപ്രിന്റ്, 1902), 47–49. [6]കർറ്റിസ് വാഗാൻ, *കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ*, ബൈബിൾ സ്റ്റഡി കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിംഗ് ഹൗസ്, 1980), 15. [7]ക്രിസോസ്റ്റം *കൊലൊഷ്യൻസ്*1, നോക്കുക എവററ്റ് ഫർഗൂസൻ, *ഏർലി ക്രിസ്ത്യൻസ് സ്പീക്ക്* (അബിലീൻ, ടെക്സ്.: ബിബ്ലിക്കൽ റിസേർച്ച് പ്രസ്സ്, 1981), 244; ആന്റ് റാൽഫ് പി. മാർട്ടിൻ, *കൊലൊഷ്യൻസ് ആന്റ്*

*ഫിലെമൊൻ*, ന്യൂസെഞ്ചുറി ബൈബിൾ കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1973), 217. [8]ആ തീയതികളെ ക്കുറിച്ചുള്ള കൂടുതൽ പഠനത്തിന്, നോക്കുക കോളിങ് ജെ. ഹെമർ, ദ ബുക്ക് ഓഫ് ആക്സ് ഇൻ *ദ സെറ്റിങ് ഓഫ് ഹെലെനിസ്റ്റിക് ഹിസ്റ്ററി*, എഡി. കോൺറാഡ് എച്ച്. ജെംഫ് (വിനോണാ ലേക്ക്, ഇന്റ്.: എയിസൺ ബ്രോൺസ്, 1990), 169–71. [9]പ്ലിനി *നാച്ചുറൽ ഹിസ്റ്ററി* 21.51 [10]റ്റാസിറ്റസ് *അനൽസ്* 14.27.

[11]ഈ. ജെ. ബാങ്സ്, "കൊലൊസെ," ഇൻ *ദ ഇന്റർ നാഷഷ്ണൽ സ്റ്റാന്റേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റവ., എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി. 1979), 1:732. [12]സെനോഫോൺ *അനാബാസിസ്* 1.2.6. [13]ഹെരൊദോത്താസ് *ഹിസ്റ്ററീസ്* 7:30. [14]ജോസെഫസ് *ആന്റികിറ്റീസ് ഓഫ് ദ ജ്യൂസ്* 12.3.4. [15]നോക്കുക ജെ. ബി. ലൈറ്റ്ഫുട്ട്, *സെന്റ് പോൾസ് എപ്പിസ്റ്റൽസ് റ്റു ദ കൊലൊഷ്യൻസ് ആന്റ് റ്റു ഫിലെമൊൻ*. റവ. (ലണ്ടൻ: മാക്ക്മില്ലൻ ആന്റ് കമ്പനി., 1916), 20. [16]സ്റ്റാബോ *ജിയോഗ്രഫി* 12.8.13. [17]ബി. സി. 27 ജനുവരി 16 നാണ് റോമാ സാമ്രാജ്യം ഔപചാരികമായി ആരംഭിച്ചത്. നോക്കുക എസ്സ്. ആങ്കസ്സ് ആന്റ് എ. എം. ബെൻവിക്ക്, "റോമൻ എംപയർ," *ഇൻ ദ ഇന്റർ നാഷ്ണൽ സ്റ്റാന്റേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*. റവ. എഡി. ജെഫ്രീ ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 4:208. [18]"കൊലൊസ്യയിൽ അന്യ ദേവന്മാരെ നമസ്കരിച്ചിരുന്നു എന്നതിന്റെ തെളിവാണ് അവിടെ പറഞ്ഞിരിക്കുന്ന മൂന്നു ക്രിസ്ത്യാനികളുടെ പേരുകൾ: തിഹിക്കോസ് (ഗ്രീക്കിൽ *റ്റൂക്കെ*=ഫെയിറ്റ്), എപ്പഫ്രാസ് (എപ്പഫ്രോദിത്തോസിന്റെ ചുരുക്കപേരാണത്), നുംഫാ (... നുംഫാദോറയിൽ നിന്നു വന്നതാണ്, 'സൗന്ദര്യമുള്ളവളുടെ ദാനം')" (ഡേവിഡ് എം. ഹെ, *കൊലൊഷ്യൻസ്,* അബിങ്ടൺ ന്യൂടെസ്റ്റമെന്റ് കമന്ററി. [നാഷ്‌ലെ: അബിങ്ടൺ പ്രസ്സ്, 2000], 25). [19]പീറ്റർ റ്റൂൺ, "നോസ്റ്റിസിസം," *ഇൻ ദ ന്യൂ ഇന്റർനാഷണൽ ഡിഷ്ണറി ഓഫ് ദ ബൈബിൾ,* എഡി. മെറിൽ സി. ടെനി, റവ. ജെ. ടി. ടിഗ്ലസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: റീജൻസി റഫറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1987), 393. [20]ലൈറ്റ് ഫുഡ്, 71–111. ലൈറ്റ്ഫുട്ട് ചാവുകടൽ ചുരുളുകളിൽ നിന്ന് കണ്ടെടുത്ത എസനിസത്തെക്കുറിച്ച് തർക്കിച്ചില്ല, കാരണം അത് കണ്ടെടുക്കുന്നതിനു മുമ്പായിരുന്നു അവൻ എഴുതിയത്.

[21]ഗത്രി, 550. [22]ഇ. കെ. സിംസണും, എഫ്. എഫ്. ബ്രൂസ്സും, *കമന്ററി ഓൺ ദ എപ്പിസ്റ്റൽസ് ററു ദ എഫേഷ്യൻസ് ആന്റ് ദ കൊലൊഷ്യൻസ്,* ദ ന്യൂ ഇന്റർ നാഷ്ണൽ കമന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 167. [23]ക്ലിന്റൺ ഇ ആർണോൾഡ്, *ദ കൊലൊഷ്യൻ സിൻക്രറ്റിസം* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്സ്, 1996), 308.

## കൊലൊസ്യ, എഫേസ്യ, ഗലാത്യ എന്നീ ലേഖനങ്ങളിലേ ഒരേ ഉപദേശങ്ങൾ

| | | കൊലൊ. | എഫെ. | ഗലാ. |
|---|---|---|---|---|
| 1. | ക്രിസ്ത്യാനികൾക്കുള്ള ആന്തരിക ബലം | 1:11 | 3:16 | |
| 2. | ക്രിസ്തു സഭയുടെ തല | 1:18; 2:19 | 1:22, 23<br>4:15; 5:23 | |
| 3. | ക്രിസ്തുവിന്റെ ഔന്നത്യം | 1:18 | 1:20–22 | |
| 4. | ക്രിസ്തുവിന്റെ സമ്പൂർണത | 1:19; 2:9 | 1:23; 3:19 | |
| 5. | ക്രിസ്തു മുഖാന്തരമുള്ള ക്രിസ്ത്യാനികളുടെ വിശുദ്ധി | 1:21, 22 | 5:25–27 | |
| 6. | കഴിഞ്ഞ കാലങ്ങളിലെ മർമ്മം; ജാതികളെ കൂടെ ഉൾപ്പെടുത്തുന്നു | 1:26, 27;<br>2:2; 4:3 | 1:9; 3:3–9<br>6:19 | |
| 7. | സ്നാനമേറ്റവരെ, വിശ്വാസം മൂലം കഴുകുന്നു | 2:12, 13 | 5:26 | 3:26, 27 |
| 8. | ക്രിസ്തുവിനോടുകൂടെ പുതിയ ജീവിതം | 2:13, 3:1 | 2:5, 6 | |
| 9. | ന്യായപ്രമാണത്തിന്റെ ചട്ടങ്ങൾ നീക്കൽ | 2:14 | 2:14, 15 | 3:24, 25 |
| 10. | മതപരമായ പ്രത്യേക ദിവസങ്ങൾ ആചരിക്കേണ്ടതില്ല | 2:16 | 4:10 | |
| 11. | ക്രിസ്ത്യാനികൾ ദുരുപദേശങ്ങളോടു ചേരാതെ ക്രിസ്തുവിനെ മുറുകെ പിടിക്കണം. | 2:18–20 | 4:13–15 | |
| 12. | തലയുടെ സഹായത്താൽ ശരീരം പണിയുന്നു | 2:19 | 4:16 | |
| 13. | ദുഷിച്ചതായ കഴിഞ്ഞ കാല ജീവിതത്തെ ഉപേക്ഷിച്ച് പുതിയ ജീവിതം ധരിക്കുന്നു | 3:8–14 | 4:22–26 | |
| 14. | ക്രിസ്ത്യാനികൾ ശരീരമായി പ്രവർത്തിക്കുന്നു | 3:15 | 2:16; 4:4 | |
| 15. | പാട്ടുപാടുന്നതിനുള്ള നിർദ്ദേശങ്ങൾ | 3:16 | 5:19 | |
| 16. | ദമ്പതികൾക്കും മക്കൾക്കും, യജമാനന്മാർക്കും, ദാസന്മാർക്കുമുള്ള നിർദ്ദേശങ്ങൾ | 3:18–4:1 | 5:23–6:9 | |